www.modelquestionpapers.in

(Pages : 4)

**S 1810**

2985 85

# S.S.L.C. EXAMINATION, MARCH - 2018

## MALAYALAM

1425701

First Language - Paper II

Time : 1½ Hours

Total Score : **40**

**പൊതു നിർദ്ദേശങ്ങൾ :**

- ആദ്യത്തെ **15** മിനിട്ട് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കിയശേഷം മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**Score**

**1.** കേരളീയരെ മനുഷ്യത്വം പഠിപ്പിച്ച ഏക ഗുരുനാഥനെന്നും ഈ ഋഷിവര്യനെ വിശേഷിപ്പിക്കാം. **1**

(ശ്രീനാരായണഗുരു)

ഈ നിരീക്ഷണത്തെ സാധൂകരിക്കുന്ന ഒരു ശ്രീനാരായണ വചനം എഴുതുക.

**2.** നാടായാലും കാടായാലും **1**

കുഴിയായാലും കുന്നായാലും

നല്ലവർ പാർക്കുന്നെങ്കിൽ

നീയും നന്നേ, വാഴുക നിലമേ...

വരികളുടെ ആശയം ഒറ്റവാക്യത്തിൽ എഴുതുക.

**3, 4** ചോദ്യങ്ങളിൽ ഒന്നിനുമാത്രം ഉത്തരം എഴുതുക. **2x1=2**

**3.** പിന്നെ, മിക്കവാറും ദ്രവിച്ച റബ്ബർ ചെരുപ്പിട്ട് ആണി ബാധിച്ച കാലുകൾ മണ്ണിലൂടെ ഇഴച്ചുകൊണ്ട് അയാൾ തിരിഞ്ഞുനോക്കാതെ നടന്നു. (പണയം)

ചാക്കുണ്ണിയുടെ ദയനീയമായ അവസ്ഥ കഥാന്ത്യത്തിൽ പ്രകടമാവുന്നതെങ്ങനെ ?

**4.** പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം, അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ്.

– ഈ പ്രസ്താവനയിൽ തെളിയുന്ന വിമർശനം രണ്ടു സൂചനകളായി എഴുതുക.

**P.T.O.**

Score

**5 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരം എഴുതുക. (അരപ്പുറം)**

**6x4=24**

**5.** ''പത്രം അസത്യമാണെന്നറിഞ്ഞുകൊണ്ട് ഒരു കാര്യം പറയുകയും അത് സത്യമായിത്തീരുമെന്ന വിചാരത്തിൽ അക്കാര്യം ആവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.''

(പത്രനീതി)

പത്ര-മാധ്യമ വാർത്തകളെ അടിസ്ഥാനമാക്കി ഈ നിരീക്ഷണത്തിന്റെ പ്രസക്തി പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

**6.** ഏതുമുറങ്ങാതെമ്പാടും വയ-

ലേലകൾതോറും നടുവിൽ പൊൽക്കിഴി-

യെരിയും വെള്ളിത്താലമെടുത്തു നി-

രന്നു ലസിപ്പൂ നെയാമ്പലുകൾ.

'വാങ്മയ ചിത്രങ്ങളാൽ സമ്പന്നമാണ് വൈലോപ്പിള്ളിക്കവിതകൾ'. ഓണമുറ്റത്ത് എന്ന കവിത വിശകലനം ചെയ്ത് പ്രസ്താവന വിലയിരുത്തുക.

**7.**
- ''കാലത്തെ ബസ്സിനുതന്നെ ഞാള് പോവും. എല്ലാരുടേം ഒരു കണ്ണ് ഇങ്ങോട്ടൊന്നുണ്ടാകണേ''
- ഞാനെങ്ങന്യാ മോനേ വര്വാ ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ.

(ഓരോ വിളിയും കാത്ത്)

അമ്മയുടെ തീരുമാനത്തിൽ മാറ്റങ്ങളുണ്ടായത് എന്തുകൊണ്ടാവാം?

– വിശകലനം ചെയ്യുക.

**8.** അപരാധബോധം കോരന്റെ ഹൃദയത്തെ നോവിച്ചു.

(പ്ലാവിലക്കഞ്ഞി)

കോരന്റെ ഹൃദയത്തെ നോവിക്കാനിടയായ സാഹചര്യം പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

**9.** യുക്തി ഉള്ളിടത്തല്ലേ യുക്തിവാദം ഫലിക്കൂ ? ഇവിടെ ഭക്തിയും വിശ്വാസവുമാണ്. ''കൊച്ചു ചക്കരച്ചി വീഴില്ല, വീണാലും അവൾ ആപത്തുവരുത്തുകയില്ല.'' എന്ന ഒറ്റ ഉറച്ചനിലയായിരുന്നു അമ്മയ്ക്ക്.

(കൊച്ചുചക്കരച്ചി)

അമ്മയുടെ വിശ്വാസത്തെ കൊച്ചുചക്കരച്ചി സംരക്ഷിച്ചതായി കരുതാമോ ? പാഠഭാഗം പരിശോധിച്ച് സ്വന്തം നിരീക്ഷണം കുറിയ്ക്കുക.

Score

10. ''പണ്യെടുക്കമ്പെള്ളും റേഡിയോ കേൾക്കാം മൂപ്പരേ, ഞാനങ്ങന്യാർന്നു. തയ്ക്കണ സമയത്ത് പാട്ടും നാടകോം ശബ്ദരേഖേം ഒക്കെ കേൾക്കും. ബട്ടൺ തുന്നുമ്പോ പ്രാദേശിക വാർത്ത, വക്കടിക്കുമ്പോ വയലും വീടും...''
കഥയിലെ മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് റേഡിയോയുമായുള്ള ചാക്കുണ്ണിയുടെ ആത്മബന്ധം വിലയിരുത്തി കുറിപ്പു തയ്യാറാക്കുക.

11. ''മത്തായിയൊണ്ടോ ഈ കൂട്ടത്തില് ! അവനോടൊന്നു പറഞ്ഞേ, എന്റെ കൈയേൽ പിടിച്ച് വടക്കേതിലേക്കൊന്നു കൊണ്ടുപോകാൻ. ഞാനവിടെ കെടന്നു ചത്തോളാം. നന്ദികെട്ട ഈ വംശത്തിന്റെ കൂടെ എനിക്കു കഴിയാൻ മേല.''

(കോഴിയും കിഴവിയും)

വല്യമ്മയുടെ ഈ സമീപനത്തോടുള്ള നിങ്ങളുടെ അഭിപ്രായം കുറിയ്ക്കുക.

12 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക (ഒരുപുറം)

2x6=12

12. ആരു വായിക്കുമീ
മായുമെഴുത്തുകൾ
ആരുടെ നാവിലു-
യിർക്കുമിച്ചൊല്ലുകൾ

നാളെയിക്കുട്ടികൾ
ചോദിക്കുമോ, നമ്മ-
ളാരുടെ കുട്ടികൾ ?
ആരുടെ നോവുകൾ ?

(അമ്മയുടെ എഴുത്തുകൾ)

കവിയുടെ ഈ ചോദ്യം മലയാളികളുടെ മനഃസാക്ഷിയോടാണോ ? – നിങ്ങളുടെ നിരീക്ഷണം ഉൾപ്പെടുത്തി 'മലയാളവും മലയാളിയും' എന്ന വിഷയത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

13. ഒന്നിനും കൊള്ളരുതാത്തവനെന്നവൾ
ഇന്നും പഴിപറഞ്ഞേക്കും, മടങ്ങാതെ
വയ്യ, തലയ്ക്കകത്തെന്തോ പെരുക്കുന്നു.

(അമ്മത്തൊട്ടിൽ)

കേരളത്തിലെ മാറുന്ന കുടുംബ ബന്ധങ്ങളുടെ നേർചിത്രമാണോ അമ്മത്തൊട്ടിൽ എന്ന കവിതയിൽ വരച്ചു വച്ചിരിക്കുന്നത് ?
സ്വന്തം നിലപാട് വ്യക്തമാക്കി 'കുടുംബ ബന്ധങ്ങൾ കേരളീയ സമൂഹത്തിൽ' എന്ന വിഷയത്തെക്കുറിച്ച് ഒരു ലേഖനം തയ്യാറാക്കുക.

Score

14. • ഒരു ജാതിയിൽ നിന്നല്ലോ
പിറന്നിടുന്നു സന്തതി
നരജാതിയിതോർക്കുമ്പോ-
ളൊരു ജാതിയിലുള്ളതാം.
(ശ്രീനാരായണഗുരു)

• അറിവിനെ വിട്ടഥ ഞാനുമില്ലയെന്നെ-
പ്പിരിയുകിലില്ലറിവും പ്രകാശമാത്രം,
അറിവറിയുന്നവനെന്നു രണ്ടുമോർത്താ-
ലൊരു പൊരുളാമതിലില്ല വാദമേതും
(ശ്രീനാരായണഗുരു)

• തപശ്ചര്യകൊണ്ടു വികസിച്ച സ്വകീയമായ വ്യക്തി മഹത്ത്വത്തെ സമൂഹോന്നമനത്തിനായി വിനിയോഗിച്ചു.

• വിദ്യാഭ്യാസം, വ്യവസായം, സംഘടന, ജീവിതശുദ്ധി - ഇതൊക്കെയാണ് അധഃസ്ഥിത സമുദായങ്ങൾക്കു വേണ്ടതെന്നു ഗുരു കൂടെക്കൂടെ പറഞ്ഞിരുന്നു.

സൂചനകളും പാഠഭാഗവും വിശകലനം ചെയ്ത് 'ശ്രീനാരായണ ദർശനങ്ങളുടെ സാമൂഹ്യ പ്രസക്തി' എന്ന വിഷയത്തെക്കുറിച്ച് പ്രസംഗം തയ്യാറാക്കുക.

-oOo-